## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 378

25.06.2014 ൽ മറുപടിക്ക്

### പമ്പാ ആക്ഷൻ പ്ലാൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പമ്പാ ആക്ഷൻ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ; എത്ര പദ്ധതികളാണ് ലക്ഷ്യമിട്ടിരുന്നതെന്നും അതിൽ എത്ര പൂർത്തീകരിക്കാൻ സാധിച്ചെന്നും അറിയിക്കുമോ; | (എ) | പമ്പാ ആക്ഷൻ പ്ലാനിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. 12 പദ്ധതികളാണ് ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത്. അവയിൽ 6 എണ്ണം പൂർത്തീകരിക്കുകയും ഒരു പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് പദ്ധതികൾ സാങ്കേതിക കാരണങ്ങളാൽ ആദ്യഘട്ടത്തിൽ തന്നെ ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | പദ്ധതിക്ക് കേന്ദ്ര അംഗീകാരവും സാമ്പത്തിക സഹായവും ലഭിച്ചിട്ടുണ്ടോ; | (ബി) | പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 18.45 കോടി രൂപയുടെ ഒന്നാം ഘട്ട പദ്ധതികൾക്കാണ് കേന്ദ്ര അംഗീകാരം ലഭിച്ചത്. ഇതിൽ 70% കേന്ദ്ര വിഹിതവും 30% സംസ്ഥാന വിഹിതവുമായാണ് പ്രവൃത്തികൾ അംഗീകരിച്ചത്. കേന്ദ്രവിഹിതത്തിന്റെ ആദ്യഗഡു എന്ന നിലയിൽ 275 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തു. |
| (സി) | മാലിന്യ നിർമ്മാർജ്ജനത്തിന്റെ രണ്ടാംഘട്ടമായി തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശം നൽകുമോ; അതിൽ എന്തൊക്കെ നടപ്പാക്കിയെന്ന് അറിയിക്കുമോ? | (സി) | പമ്പ മുതൽ വേമ്പനാട് കായൽ വരെയുള്ള നദിയുടെ മാലിന്യനിർമ്മാർജ്ജനത്തിനും ഇരുകരകളിലെ പഞ്ചായത്തുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനും ഉതകുന്ന പദ്ധതികളാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. താഴെ വിവരിക്കുന്ന പ്രവൃത്തികളാണ് പ്രധാനമായും നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.<br>1. പൊതുജന ബോധവത്ക്കരണം<br>2. പൊതു ശൗചാലയങ്ങളുടെയും കുളിക്കടവുകളുടെയും നിർമ്മാണം.<br>3. ഇടത്താവളങ്ങളുടെ നിർമ്മാണം. |

4. ശുദ്ധജല വിതരണത്തിനുള്ള സംവിധാനങ്ങളുടെ വിപുലീകരിക്കൽ.
5. ഓടകളുടെ നിർമ്മാണം
6. ബയോ മെഡിക്കൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ സംസ്കരണ പദ്ധതികളും അനുബന്ധ പ്രവൃത്തികളും.
7. ബിപിഎൽ കുടുംബങ്ങൾക്കുള്ള ശൗചാലയ നിർമ്മാണം.
8. വൈദ്യുത ശ്മശാനങ്ങളുടെയും അനുബന്ധ പദ്ധതികളുടെയും നിർമ്മാണം.
9. നദിയുടെ ആഴം നിലനിർത്തുന്നതിനും മറ്റുമുള്ള പ്രവർത്തനങ്ങളും സംരക്ഷണ ഭിത്തി നിർമ്മാണവും.
10. ചെക്ക് ഡാമുകളുടെ നിർമ്മാണം
11. നദികളുടെ അതിർത്തി നിർണ്ണയവും അതിര് കല്ലുകൾ സ്ഥാപിക്കലും.
12. ഇലന്തൂർ പഞ്ചായത്തിൽ കെ.എസ്.ഇ.ബി.യുടെ നേതൃത്വത്തിൽ സ്വാമിശരണം പമ്പ്ഡ് സ്റ്റോറേജ് സ്കീമിന്റെ നിർമ്മാണം.
13. തീർത്ഥാടകരുടെ സൗകര്യത്തിനായി പമ്പാനദിയുടെ ഇരുകരകളിലും പാർക്കുകളുടെ നിർമ്മാണവും വനവൽക്കരണവും.

മേല്പ്പറഞ്ഞ രണ്ടാം-ഘട്ട പ്രവർത്തികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ നടപ്പിലാക്കാനായിട്ടില്ല.

സെക്ഷൻ ഓഫീസർ